**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1108** **02.05.2017 ൽ മറുപടിയ്ക്ക്**

**പച്ചക്കറികൾ വിഷരഹിതമെന്ന് ഉറപ്പുവരുത്തുന്നതിന് സംവിധാനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായ പഴം പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ലസ്റ്ററുകളിൽ കൃഷിവകുപ്പിന്റെ മേൽനോട്ടത്തിലുള്ള കൃഷിക്ക് ഹെക്ടറൊന്നിന് 3000/- രൂ. നിരക്കിൽ ധനസഹായം നൽകി വരുന്നു. സംസ്ഥാനത്തെ 407 ക്ലസ്റ്ററുകളിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് ജി എ പി സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ വിപണനം നടത്തി വരുന്നു<br>കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെജൈവവളം ഉല്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും ആരംഭിച്ചു. റൂറൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5000/- രൂപ വീതവും മണ്ണിരക്കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 7500/- രൂപ വീതവും ധനസഹായം നൽകി. ജൈവപച്ചക്കറി വിപണനം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചു. ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി റസിഡന്റ്സ് അസോസിയേഷനുകൾ മുഖേന ഉപഭോക്താക്കൾക്ക് വിൽപന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകി.<br>ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് അവാർഡ് നൽകുന്നതിലേയ്ക്ക് 123 ലക്ഷം രൂപ ചെലവഴിച്ചു. പരമ്പരാഗത കൃഷി വികാസ് യോജന എന്ന കേന്ദ്ര പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമുള്ള പരിശീലനവും സാമ്പത്തിക സഹായവും നൽകി. |
| (ബി) ഈ വർഷത്തെ വിഷു, ഈസ്റ്റർ ഉത്സവ നാളുകളിൽ വിഷരഹിത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയെന്ന് അറിയിക്കുമോ; | (ബി) ഈ വർഷത്തെ വിഷു-ഈസ്റ്റർ ഉത്സവ നാളുകളിൽ ജി.എ.പി ക്ലസ്റ്ററുകളിൽ നിന്നും സംഭരിച്ച പച്ചക്കറികൾ വിൽപന നടത്തേണ്ടതിലേക്ക് കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ മുൻ കൂട്ടി കൃഷി നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ വിഷുക്കണി സ്റ്റാളുകൾ വഴിയും ജൈവ പച്ചക്കറി കേരള ഓർഗാനിക് എന്ന ലേബലിൽ വിൽപന നടത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിഷരഹിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ? | (സി) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിലേക്ക് രൂപീകരിച്ച ക്ലസ്റ്ററുകൾ കൃഷി ഉദ്യോഗസ്ഥർ സന്ദർശിക്കുകയും നല്ല കൃഷിമുറകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കർഷകർ ഫാം ഡയറി എഴുതി സൂക്ഷിക്കുകയും ഉദ്യോഗസ്ഥർ ആയത് പരിശോധിച്ച് വിലയിരുത്തുകയും ചെയ്യും. ഇവയുടെയെല്ലാം അടിസ്ഥാനത്തിലാണ് പച്ചക്കറികൾക്ക് ജി.എ.പി സർട്ടിഫിക്കറ്റ് നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**